




**വ്യവസ്ഥിതിയോടുള്ള കോപമോ, സുവർണ്ണ ഹൃദയമോ പോലെ സമുന്നത നേതാക്കൾക്കുള്ള ലക്ഷണങ്ങളൊന്നുമില്ലാത്ത കേരള രാഷ്ട്രീയത്തി ലെ പ്രതിനായകനായ കരുണാകരൻ രാഷ്ട്രീ യത്തെ ഉപജാപത്തിന്റെയും കൗശലത്തിന്റെയും സ്വജനപക്ഷപാതിത്വത്തിന്റെയും അധികാരക്ക ളരിയായി ലഘൂകരിച്ചെടുക്കുകയായിരുന്നു എന്ന് എം.ജി. രാധാകൃഷ്ണൻ**

# നിർഗുണനായകൻ

ദേശീയ തലത്തിൽ ഇന്ദിരാഗാന്ധിയെപ്പോലെ രാഷ്ട്രീയത്തെ ഉപജാപത്തിന്റെയും കൗശലത്തിന്റെയും സ്വജനപക്ഷപാതിത്വത്തിന്റെയും അധികാരക്കളരിയായി കേരളത്തിൽ ആദ്യമായി ലഘൂകരിച്ചെടുത്തത് കെ. കരുണാകരനായിരുന്നു. കോൺഗ്രസ്സുകാരുൾപ്പെടെ ആ തലമുറയിലെ ഉന്നതനേതാക്കളിൽ ദൃശ്യമായ ലക്ഷണങ്ങളൊന്നും അദ്ദേഹത്തിൽ ഉണ്ടായിരുന്നില്ല. ത്യാഗത്തിന്റെയോ സത്യസന്ധതയുടെയോ ലാളിത്യത്തിന്റെയോ അർപ്പണത്തിന്റെയോ ജനാധിപത്യബോധത്തിന്റെയോ  നിസ്വാർത്ഥതയുടെയോ നിഷ്കപടതയുടെപോലുമോ ആയ ഒരു ജീവിതം അദ്ദേഹത്തിനവകാശപ്പെടാനായില്ല. ഇതെല്ലാം വരേണ്യതയുടെ മാത്രം ഗുണഗണങ്ങളാണെന്ന് എനിക്ക് തോന്നുന്നില്ല. മറ്റാരെക്കാളും, രാഷ്ട്രീയത്തിൽ അഴിമതിയെ സുസ്ഥാപിതമാക്കിയ കരുണാകരന്റെ തലമുറയിൽപ്പെട്ട വേറെ ഏതെങ്കിലും രാഷ്ട്രീയ പ്രമുഖർ, കരുണാകരനെപ്പോലെ എളിമയിൽ നിന്നുവന്ന് ഇത്രയും സമ്പന്നനായി ജീവിതമാസ്വദിച്ചിട്ടുണ്ടോ?

വ്യവസ്ഥിതിയോടുള്ള കോപമോ, സുവർണ്ണ ഹൃദയമോ പോലെ സമുന്നത നേതാക്കൾക്കുള്ള ലക്ഷണങ്ങളൊന്നുമില്ലാത്ത കേരള രാഷ്ട്രീയത്തിലെ പ്രതിനായകനായിരുന്നു  അദ്ദേഹം.  എഴുപതുകളിലെ അടിയന്തിരാവസ്ഥക്കാലത്താണ് ഒരു ജനകീയ നേതാവായി അദ്ദേഹം കടന്നുവരുന്നത്. തത്വരഹിത രാഷ്ട്രീയത്തിന്റെയും ഫാസിസ്റ്റ് പ്രവണതയുടെയും കറുത്തമൂല്യങ്ങൾ ഇന്ത്യാചരിത്രത്തിൽ വഴിത്തിരിവുണ്ടാക്കിയ കാലമായിരുന്നു അത്. അമിതാബ് ബച്ചന്റെ കോപാകുലനായ ചെറുപ്പക്കാരനെപ്പോലെ അടിയന്തിരാവസ്ഥയുടെ ഗുണഭോക്താവായിരുന്നില്ല  മറിച്ച്  അതിന്റെ പ്രയോക്താവുതന്നെയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ജനകീയതയും ഹൈക്കമാണ്ടിന്റെ ഔദാര്യമായിരുന്നു. അല്ലെങ്കിൽ പിന്നെ നെഹ്രുകുടുംബത്തിന്റെ യഥേഷ്ട പിന്തുണ, സോണിയ പിൻവലിച്ചതിനുശേഷം ഒരു ദുർബല വൃദ്ധനായി ചുരുക്കപ്പെട്ടതെങ്ങനെയാണ്?

ഇപ്പോൾ രാജൻ (അല്ലെങ്കിൽ വിജയനോ) കേസ് ഒരപവാദമായി കാണുന്നു. രാജന്റെ മരണത്തെക്കുറിച്ച് അദ്ദേഹത്തിന് ഒരറിവുമുണ്ടായിരുന്നില്ലെന്ന് വാദത്തിനുവേണ്ടി സമ്മതിക്കാമെങ്കിലും തനിക്കപരിചിതനായ

ഈശ്വരവാര്യരോട്പോലും വൈഷമ്യത്തിന്റെ ഒരു കണിക അദ്ദേഹം പ്രകടിപ്പിച്ചിട്ടില്ല. അടിയന്തരാവസ്ഥക്കാലത്ത് അദ്ദേഹം നെടുനായകത്വം വഹിച്ച പീഡനത്തിന്റെയും അടിച്ചമർത്തലിന്റേതുമായ പോലീസ് രാജിന്റെ പരിണിത ഫലമായിരുന്നു ഇത്.

ജനാധിപത്യത്തിലുള്ള വിശ്വാസം അദ്ദേഹത്തിന്റെ ഗുണങ്ങളിലൊന്നായി ഏറ്റവുമടുത്ത അനുയായിപോലും ഉൾപ്പെടുത്തുകയില്ല. കോൺഗ്രസ്സ് പാർട്ടിയിലും യു.ഡി.എഫിലുമെന്നല്ല പോലീസ്, ജുഡീഷ്യറി, ബ്യൂറോക്രസി എന്നിവയിൽപോലും കൂട്ടുകെട്ടുകൾ രൂപപ്പെടുത്തി ജനാധിപത്യ ഭരണഘടനാ സ്ഥാപനങ്ങളെയൊക്കെ മനഃപൂർവ്വം അദ്ദേഹം തുരങ്കം വെച്ചു. ഇത്തരം കൂട്ടുകെട്ടുകളിൽ ഉൾപ്പെട്ടവരാകട്ടെ സംശയാസ്പദമായ പശ്ചാത്തലങ്ങളുള്ളവരും. ജനാധിപത്യത്തോട് തങ്ങളുടെ ആചാര്യനെപ്പോലെ തന്നെ ഒട്ടും നീതി പുലർത്താൻ അറിയാത്തവർ. 1967–ലെ തെരഞ്ഞെടുപ്പു തകർച്ചയ്ക്കു ശേഷം കോൺഗ്രസ്സിന്റെ തിരിച്ചുവരവിന് ഊർജ്ജവും ഉശിരും നൽകിയ യൂത്ത് കോൺഗ്രസ്, കെ.എസ്.യു തുടങ്ങിയ സംഘടനകളിൽ പോലും അക്രമം അഴിച്ചുവിട്ട് അദ്ദേഹം അവയുടെ  ജനാധിപത്യ സമ്പ്രദായങ്ങളെ അധ:പതനത്തിലാഴ്ത്തി. ഒരിക്കൽ ആവേശഭരിതമായിരുന്ന ഈ സംഘടനകളുടെ തലപ്പത്ത് തന്റെ വിശ്വസ്തരേയും പാദസേവകരെയും അവരോധിച്ചത് കരുണാകരനാണ്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനിടയിൽ ആന്റണി, രവി, സുധീരൻ, ചാണ്ടി എന്നിവർക്ക് സമാനരായ ഏതെങ്കിലും നേതാക്കൾ ഈ സംഘടനകളിൽ നിന്നും ഉയർന്നുവന്നവരായി എടുത്തു പറയാമോ? കേരളത്തിന്റെ യുവതലമുറക്കുമേൽ കഴിഞ്ഞ മുപ്പതുകൊല്ലത്തോളം ആധിപത്യം സ്ഥാപിക്കാൻ സാധിച്ചതിന്, സത്യത്തിൽ ഡി.വൈ.എഫ്. ഐയും എസ്. എഫ്. ഐയും 'ലീഡർക്ക്' നന്ദി പറയേണ്ടിയിരിക്കുന്നു.

രാംഗുഹയുടെ ഇന്ദിരാഗാന്ധിയെ കുറിച്ചുള്ള ഈ ഖണ്ഡിക വായിച്ചു നോക്കൂ. അതത്രയും കരു



**ജനാധിപത്യത്തിലുള്ള വിശ്വാസം അദ്ദേഹത്തിന്റെ ഗുണങ്ങളിലൊന്നായി ഏറ്റവുമടുത്ത അനുയായിപോലും ഉൾപ്പെടുത്തുകയില്ല. കോൺഗ്രസ്സ് പാർട്ടിയിലും യു.ഡി.എഫിലുമെന്നല്ല പോലീസ്, ജുഡീഷ്യറി, ബ്യൂറോക്രസി എന്നിവയിൽപോലും കൂട്ടുകെട്ടുകൾ രൂപപ്പെടുത്തി ജനാധിപത്യ ഭരണഘടനാ സ്ഥാപനങ്ങളെയൊക്കെ മനഃപൂർവ്വം അദ്ദേഹം തുരങ്കം വെച്ചു.**

ണാകരനും ബാധകമാണ്. അവരുടെ മൂല്യങ്ങളിൽ വച്ചേറ്റവും പ്രധാനമായത് പൊതുസ്ഥാപനങ്ങളോടുള്ള അവമതിയാണ്. നെഹ്റുവിന്റെ കാലത്ത്, ബ്യൂറോക്രസിയും രാഷ്ട്രീയ ഇടപെടലുകളിൽ നിന്നും ഭദ്രമാക്കപ്പെട്ടിരുന്നു. കഴിവിന്റെയും ചുറുചുറുക്കിന്റെയും അടിസ്ഥാനത്തിലായിരുന്നു തെരഞ്ഞെടുപ്പുകളും നിയമനങ്ങളും സ്ഥാനക്കയറ്റങ്ങളുമൊക്കെ. മന്ത്രിമാരും മുഖ്യമന്ത്രിമാരും വിശ്വസ്തതയുടെയും അടുപ്പത്തിന്റെയും അടിസ്ഥാനത്തിൽ സിവിൽ ഉദ്യോഗസ്ഥരുടെ ജോലി നിർണ്ണയിക്കുന്ന തീർത്തും വിഭിന്നമായ ആചാരങ്ങൾ തുടങ്ങിവെച്ചത് ശ്രീമതി. ഗാന്ധിയാണ്. അവരുടെ തന്നെ ഒരു എക്സ്ടെൻഷനായി കോൺഗ്രസ്സിനെ മാറ്റിയെടുക്കാൻ ശ്രീമതി ഗാന്ധി അനുസ്യൂതം പ്രവർത്തിച്ചു.പാർട്ടി തെരഞ്ഞെടുപ്പുകൾ നിർത്തലാക്കി എന്നുമാത്രമല്ല, തന്ന ത്താൻ അനശ്വരയല്ലെന്നറിയാവുന്നതുകൊണ്ട്, മക്കളെകൂടി രാഷ്ട്രീയത്തിലേക്കു കൊണ്ടുവന്നു."

കരുണാകരൻ എന്ന വികസന നിപുണൻ മറ്റൊരു നിഗൂഢതയാണ്. മൂന്നുതവണ മുഖ്യമന്ത്രിയായ കാലയളവുകളിൽ കൊച്ചിൻ എയർപോർട്ട് (CIZL)ഒഴികെ കരുണാകരൻ മുൻകൈയെടുത്ത് നടപ്പിലാക്കിയ ഏതെങ്കിലും ഒരു വികസന പദ്ധതി ചൂണ്ടിക്കാട്ടിത്തരുവാൻ ഞാൻ ആവശ്യപ്പെടുകയാണ്. കേന്ദ്ര വ്യവസായ മന്ത്രിയെന്ന സുവർണ്ണാവസരം കിട്ടിയിട്ടും സംസ്ഥാനത്തിനുവേണ്ടി അദ്ദേഹം എന്തുചെയ്തു. പ്രതിരോധ മന്ത്രിയെന്ന നിലയിൽ കഴിഞ്ഞ നാലുവർഷത്തിനിടെയിൽ നാല് ഭീമൻ കേന്ദ്രപദ്ധതികൾ കേരളത്തിൽ കൊണ്ടുവന്ന എ.കെ.ആന്റണിയുമായി താരതമ്യപ്പെടു ത്തി നോക്കൂ!

നക്സലൈറ്റ് പ്രസ്ഥാനം ദുർബലമായതിനുള്ള എല്ലാ ക്രെഡിറ്റും കരുണാകരന് ചാർത്തിക്കൊടുക്കുന്നതും ബാലിശമാണ്. സ്കോട്ടുലാന്റ് യാർഡ് പ്രമുഖരടക്കം പല വിശ്വസ്ത പോലീസുദ്യോഗസ്ഥരും ലോക്കപ്പിനുള്ളിലും പുറത്തും വച്ചു പലരേയും കൈ പുറകിൽ കെട്ടി കൊന്നു കളഞ്ഞു. എന്നാൽ കേരളത്തെപ്പോലെ നിഷ്പക്ഷമായ ഒരു സമൂഹത്തിൽ നക്സലിത്തിനു വളരാനിടകിട്ടാതെ സ്വാഭാവിക മരണം സംഭവിച്ചു എന്നതാണ് വസ്തുത.

സിയാൽ ഒരു നേട്ടം തന്നെയെങ്കിലും പുറം ലോകത്തിന് കേരളത്തിന്റെ വികസനവിജയം ഈ എയർപോർട്ടിന്റെ പേരിലല്ല മറിച്ച്, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളേക്കാളും സാധാരണ ജീവിതത്തിന്റെ ക്വാളിറ്റിയിൽ ഉണ്ടായിട്ടുള്ള മഹത്തായ ചുവടുവയ്പ്പുകളുടെ പേരിലാണ് അറിയപ്പെടുന്നത്. ഇതു സംഭവിക്കാൻ കാരണമായിട്ടുള്ള മഹാന്മാരായ നേതാക്കളുടെ പട്ടികയിൽ കരുണാകരന്റെ പേർ, നിർഭാഗ്യവശാൽ കാണാൻ വഴിയില്ല.